ശ്രീ. ആർ. ശങ്കർ : പത്രങ്ങളിലായാലും ഗസറ്റിലായാലും തരക്കേടില്ല ഈ പരസ്യം കാണാതിരിക്കരുതെന്നേയുള്ള. കാണാത്ത തരത്തിൽ പരസ്യം ചെയ്യുന്ന തെറ്റായ ഒരേർപ്പാടുണ്ട്. പത്രങ്ങളിൽ പരസ്യംചെയ്യുന്നതു കൊണ്ട് ബുദ്ധിമുട്ടൊന്നുമില്ല.

ശ്രീ. കെ. എം. ജോർജ് : ചില അഡ്വർടൈസ്മെൻറിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കാളിഫിക്കേഷനുള്ള ആളുകളെ നിയമിക്കാതെവരുന്നതായി അനേകം കേസ്സുകൾ ഇന്നുണ്ട്. അതിനുള്ള കാരണം, പരസ്യങ്ങൾ കണ്ടുകഴിഞ്ഞാൽ എല്ലാ സ്ത്രീകളിലേയ്ക്കും അപേക്ഷകൾ അയയ്ക്കുകയും നിയമനം നടത്തുമ്പോൾ മറ്റു യോഗ്യതയില്ലാത്തവരിൽനിന്നും പത്തും ഇരുന്നൂറും അഞ്ഞൂറും രൂപ കൈക്കൂലി വാങ്ങിച്ചിട്ടു ജോലിക്കു ഹാജരാകാതിരിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്ന ആളുകളെ പൂണ്ടിക്കാണിച്ചാൽ അവരുടെ പേരിൽ നടപടി എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ചില ആളുകൾ മനപ്പൂർവ്വമായിട്ട് എല്ലാ സ്ത്രീകളിലേയ്ക്കും അപേക്ഷ അയയ്ക്കും. എന്നിട്ട് നിയമനം കിട്ടിക്കഴിഞ്ഞാൽ ജോലിക്കു ഹാജരാകാതെ, മറ്റു യോഗ്യത കുറഞ്ഞവരിൽനിന്നും കൈക്കൂലി വാങ്ങിച്ചുകൊണ്ടു വിത്ഡ്രാ ചെയ്യാറുണ്ട്. ഈമാതിരി കുഴപ്പങ്ങളെല്ലാം പരിഹരിക്കാൻ മാനേജരന്മാരും എം. എൽ. എ. മാരും സഹകരിക്കുകയാണെങ്കിൽ അതുസംബന്ധിച്ചു വല്ലതുമൊക്കെ ചെയ്യാൻ കഴിയും.

പുതിയ സ്റ്റേറ്റു ട്രാൻസ്പോർട്ട് ബസ്സു സർവ്വീസുകൾ.

* 381. ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംപദ്ധതിക്കാലത്തിനിടയ്ക്ക് പുതുതായി ഏതെല്ലാം റൂട്ടിൽ സ്റ്റേറ്റു ട്രാൻസ്പോർട്ടുബസ്സുകൾ ഓടിക്കാനുദ്ദേശിക്കുന്നു;

(ബി) വടക്കെമലയനാട്ടിൽ മാനന്തവാടിയിൽനിന്നു ഡിസ്ട്രിക്റ്റു തലസ്ഥാനമായ കണ്ണൂരിലേക്കു സ്റ്റേറ്റു ട്രാൻസ്പോർട്ടുബസ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ;

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. ഹമീദ് ആലി ഷംനാട്ട്. തിരുവനന്തപുരത്തുനിന്നും കണ്ണൂർവരെ ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്ന ഡീലക്സ് സർവ്വീസ് അതിനു വടക്കോട്ടു വടക്കേ അതിർത്തിവരെ നീട്ടുന്നകാര്യം ആലോചിക്കുമോ?

ശ്രീ. കെ. അച്യുതൻ: ആക്കാര്യത്തെപ്പറ്റി ആദ്യം നോട്ടിഫൈ ചെയ്യുമ്പോൾ ആലോചിച്ചിരുന്നില്ല. എന്നാൽ വീണ്ടും ആലോചിച്ചതിന്റെ ഫലമായി ഇപ്പോൾ കാസർകോഡുവരെ ഈ ഡീലക്സ് സർവ്വീസ് എടുത്തിട്ടുണ്ട്?

ശ്രീമതി കുസുമം: തിരുവനന്തപുരത്തുനിന്നും ഓടുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസ് തൊടുപുഴ, മൂവാറ്റുപുഴ വഴിപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ: ഇപ്പോഴം നിവൃത്തിയില്ല. മുമ്പനോട്ടിഫൈ ചെയ്ത റൂട്ടുകളിൽ കൂടിയല്ലാതെ ഓടിക്കാൻ വിഷമമുണ്ട്. അതും പ്രധാനമായിട്ടുള്ള റൂട്ടാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. ഓ. ബാവാ: ട്രാൻസ്പോർട്ട് ബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുള്ള റൂട്ടുകളിൽ, പെർമിറ്റ് കൊടുത്തിട്ടുള്ള ബസ്സുകൾ മുഴവൻ ഓടിക്കാതെ അതു ചുരുക്കുന്ന ഏർപ്പാട് നിറുത്തലാക്കാമോ?

ശ്രീ. കെ. ടി. അച്യുതൻ: പെർമിറ്റ് കൊടുക്കുന്ന എല്ലാ ബസ്സുകളും ഓടിക്കണം. ട്രിപ്പിനെസംബന്ധിച്ചായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത്. ട്രിപ്പുകൾ ചുരുക്കുന്നുണ്ട്. ആറു ട്രിപ്പുകൾ ഓടിക്കണോ അഞ്ചു ട്രിപ്പുകൾ മതിയോ എന്നു് ആലോചിച്ചു ചിലപ്പോൾ ട്രിപ്പുകൾ ചുരുക്കും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തിരുവനന്തപുരത്തുനിന്നും മൂന്നാർ ശബരിഗിരി പ്രോജക്ടുവരെ ഒരു ഫാസ്റ്റുപാസഞ്ചർ സർവ്വീസ് തുടങ്ങണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു അങ്ങനെ വേണമെന്നു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ നിവേദനം കിട്ടിയിട്ടുണ്ടോ എന്നു ഓർമ്മയിൽനിന്നും പറയാൻ നിവൃത്തിയില്ല.

WRITTEN ANSWERS

കിണറു് കുഴിച്ചുകൊടുക്കുന്നതിനുള്ള പരിപാടി.

* 382. [17] ശ്രീ. എം., സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ കിണറു് കുഴിച്ചു കൊടുക്കുന്നതിനു് പരിപാടി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം എത്ര കിണറുകൾ കുഴിപ്പിച്ചു?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഉണ്ടു്.

(ബി) 6 കിണറുകൾ കുഴിപ്പിക്കുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്.

കാർ അപകടം.

* 383. [18] ശ്രീ. പി. സി. രാഘവൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 8–ാം തീയതി ആഭ്യന്തരമന്ത്രിയുടെ കാർ മുട്ടി പരുക്കുപറ്റിയവരുടെ ആരോഗ്യസ്ഥിതി എങ്ങിനെയിരിക്കുന്നു;

(ബി) പരുക്കുപറ്റിയവരെ പ്രഥമശുശ്രൂഷക്കായി ആശുപത്രിയിലെയ്ക്കുതാരായിരുന്നു;

(സി) പരുക്കുപറ്റിയവരെ മന്ത്രി ആശുപത്രിയിൽ പോയി സന്ദർശിച്ചതെന്നായിരുന്നു;

(ഡി) ഇതു സംബന്ധിച്ചു വല്ല കേസുകളും രജിസ്റ്റർചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly